## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 584

12.06.2012-ൽ മറുപടിക്ക്.

### " എമർജിംഗ് കേരള"ആഗോള നിക്ഷേപക സംഗമം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ)സംസ്ഥാനത്തേക്ക്വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള എമർജിംഗ് കേരളക്ക് തുടക്ക മിട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആഗോള നിക്ഷേപക സംഗമം നടക്കുന്നത് എന്നു മുതലാണെന്ന് അറിയിക്കുമോ; | (ബി) ആദ്യ സംഗമമായ "എമർജിംഗ് കേരള 2012" സെപ്റ്റംബർ 12 മുതൽ 14 വരെ തീയതികളിൽ കൊച്ചിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) സംഗമത്തിന് മുന്നോടിയായി രാജ്യത്തിനു പുറത്തും അകത്തും നയതന്ത്ര പ്രതിനിധികളും നിക്ഷേപകരുമായി കൂടികാഴ്ച നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;<br><br>(ഡി)"എമർജിംഗ്കേരള"സംഗമത്തിൽപങ്കെടുക്കുന്നത് സംബന്ധിച്ച് രാജ്യത്തിനകത്തും പുറത്തുമുള്ള വരുടെപ്രതികരണംഎങ്ങനെയാണെന്ന് വിശദമാക്കുമോ.? | (സി)&(ഡി) ഉണ്ട്. മുംബെയിലും ഡൽഹിയിലും നടന്ന റോഡ് ഷോയുടെ ഫലമായി ചില വ്യവസായ സ്ഥാപനങ്ങൾ കേരളത്തിൽ നിക്ഷേപം നടത്തുന്നതിനായി താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയ്ക്ക് പുറത്തുള്ള സംരംഭകരെ എമർജിംഗ് കേരളയിലേയ്ക്ക് ആകർഷിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ റോഡ് ഷോകൾ നടത്തുവാൻ പദ്ധതിയുണ്ട്.<br>പല രാജ്യങ്ങളുടേയും ഹൈകമ്മീണർമാരുമായും/ അമ്പാസിഡർമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, വ്യവസായ ഐ.ടി.വകുപ്പ് മന്ത്രിയും മറ്റ് ഉന്നതതല സർക്കാർ ഉദ്യോഗസ്ഥരും നടത്തിയ ചർച്ചയിൽ അതാതു രാജ്യങ്ങളിൽ നിന്നുള്ളവരുടെ പ്രതിനിധികൾ എമർജിംഗ് കേരള സംഗമത്തിൽ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.<br>അബുദാബി എമിറേറ്റ്സിനെ എമർജിംഗ് കേരളയിൽ പങ്കാളിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ